തൊഴിൽ വകുപ്പിലെ ഡെപ്യൂട്ടി ലേബർ ആഫീസർമാർ നിശ്ചയിച്ചുനൽകുന്നുണ്ട്. ഇതിൻമേൽ തർക്കം ഉണ്ടായാൽ ജില്ലാ ലേബർ ഓഫീസർ മുൻപാകെ അപ്പീൽ നൽകുന്നതിനും വ്യവസ്ഥയുണ്ട്.

(ഡി) ചോദ്യം 'എ' പിരിവിനുള്ള ഉത്തരം ഇവിടെയും ബാധകമാണ്.

(ഇ) ചോദ്യം 'എ' പിരിവിനുള്ള ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

"പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുവാൻ നടപടി"

68 [1273] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പ്രവർത്തിക്കുന്നു ; അവ ഏതൊക്കെ ജില്ലകളിൽ ;

(ബി) ഏതൊക്കെ കോഴ്സുകളെയാണ് പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യുവാൻ അനുവദിക്കാറുള്ളത് ; ഇത്തരത്തിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണം ജില്ല തിരിച്ച് വിശദമാക്കാമോ ; ഇതിൽ ഡോക്ടർമാർ, എഞ്ചിനീയർമാർ, ചാർട്ടേഡ് അക്കൗണ്ടന്റുമാർ, എം.സി.എ., എം.ബി.എ. തുടങ്ങിയവർ ഓരോ ജില്ലയിലും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രൊഫഷണൽ കോഴ്സ് പാസ്സാകുന്നവരുടെ സൗകര്യത്തിനായി എല്ലാ ജില്ലകളിലും പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തുടങ്ങുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 3 പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പ്രവർത്തിക്കുന്നു. അവ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലാണ്.

(ബി) താഴെപ്പറയുന്ന കോഴ്സുകളിലാണ് പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യുവാൻ അനുവദിച്ചിട്ടുള്ളത്.

1. പ്രൊഫഷണൽ ബിരുദമോ ബിരുദാനന്തര ബിരുദമോ ഉള്ള എല്ലാ കോഴ്സുകൾ.
2. സെക്കന്റ് ക്ലാസ്സോ അതിൽ ഉയർന്നതോ ആയ പ്രൊഫഷണൽ അല്ലാത്ത ബിരുദാനന്തര ബിരുദങ്ങൾ.
3. പോസ്റ്റ് ഗ്രാജുവേറ്റ്. ഡിപ്ലോമ. രജിസ്റ്റർ ചെയ്തവരുടെ ജില്ല തിരിച്ചുള്ള എണ്ണം † അനുബന്ധമായി ചേർത്തിരിക്കുന്നു.

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

(സി) മേഖലാടിസ്ഥാനത്തിൽ നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി 3 പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരികയാണ്. എല്ലാ ജില്ലകളിലും ഇത്തരം എക്സ്ചേഞ്ചുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

"നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ നൽകാൻ കാലതാമസം"

69 [1714] ശ്രീ. യു. സി. രാമൻ :

" പി. കെ. അബ്ദുറബ്ബ് :

" സി. മമ്മൂട്ടി :

" കളത്തിൽ അബ്ദുള്ള :

" പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിൽ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി (പറയർ) അവസാനമായി കൂടിയത് ഏത് തീയതിയിലാണ് ;

(ബി) ഡി. പി. സി. കൂടാത്തത് കാരണം എത്ര ഉദ്യോഗസ്ഥർക്കാണ് പ്രൊമോഷൻ ലഭിക്കുവാൻ കാലതാമസമുണ്ടായത് ;

(സി) ഡി. പി. സി. കൂടുന്നതിന് കാലതാമസം വരുത്താൻ സർക്കാരിന്റെ ഭാഗത്തുനിന്നും ഏതെങ്കിലും തരത്തിലുള്ള വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിൽ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി (പറയർ) അവസാനമായി കൂടിയത് 4-7-2003-ന് ആകുന്നു.

(ബി) നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിൽ ഡി. പി. സി. കൂടാത്തത് കാരണം 7 പേർക്ക് പ്രൊമോഷൻ ലഭിക്കുവാൻ കാലതാമസം ഉണ്ടായി. അതിലൊരാളിന് താൽക്കാലിക പ്രൊമോഷൻ നൽകുകയുണ്ടായി.

(സി) ഡി. പി. സി. കൂടുന്നതിൽ സർക്കാരിന്റെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടില്ല. ബന്ധപ്പെട്ട ഓഫീസർമാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളും പ്രൊബേഷൻ ഡിക്ലയർ ചെയ്ത വിവരവും യഥാസമയം ലഭിക്കാത്തതുകൊണ്ടാണ് ഡി. പി. സി. കൂടാതിരുന്നത്.

(ഡി) ഡി. പി. സി. കൂടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII

[28-2-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 68 (1273)-ന്റെ ഉത്തരം ദയവായി കാണുക]

പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണം ജില്ല തിരിച്ച്

ജില്ല	ഡോക്ടർമാർ	എഞ്ചിനീയർമാർ	ചാർട്ടേഡ് അക്കൗണ്ടന്റുമാർ	എം.സി.എ.	എം.ബി.എ.
തിരുവനന്തപുരം	1087	3608	4	622	262
കൊല്ലം	599	1655	3	329	162
ആലപ്പുഴ	300	786	4	214	77
പത്തനംതിട്ട	167	642	1	194	65
കോട്ടയം	358	1215	5	360	125
എറണാകുളം	601	2432	8	541	219
ഇടുക്കി	114	408	..	146	44
തൃശൂർ	562	1372	3	276	111
പാലക്കാട്	192	788	3	180	81
വയനാട്	84	213	..	82	29
കണ്ണൂർ	352	1235	3	286	104
മലപ്പുറം	285	1048	3	215	84
കോഴിക്കോട്	599	1528	4	343	124
കാസർഗോഡ്	146	497	2	101	34

LIBRARY ARCHIVES Kerala Legislative Assembly